(സി) ഓർഡിനറി ബ്രാഞ്ചിലുള്ള ഇൻസ്പെക്ടർമാർ യൂണിഫോം ധരിച്ചു മാത്രമേ പരിശോധിക്കുവാൻ പാടുള്ളൂ. എന്നാൽ സർപ്രൈസ് സ്കാഡ് യൂണിറ്റിൽ പ്രവർത്തിക്കുന്ന ഇൻസ്പെക്ടർമാർ യൂണിഫോം ധരിക്കേണ്ടതില്ല.

(ഡി) യൂണിഫോം ധരിക്കാതെ ഇൻസ്പെക്ടർമാർ ഔദ്യോഗിക കൃത്യ നിർവ്വഹണം നടത്തിയാൽ അവരുടെ പേരിൽ റിപ്പോർട്ട് ലഭിക്കാറുണ്ട്.

(ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) യൂണിഫോം ധരിക്കാത്ത ഇൻസ്പെക്ടർമാർ ഡ്യൂട്ടിയ്ക്ക് വന്നാൽ അവരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാതിരിക്കാനും അവരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കാനും യൂണിറ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ സ്റ്റാഫിന്റെ എണ്ണം

114 [2241] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
" ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി രാധാരാഘവൻ:
" മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ എത്ര ഓപ്പറേറ്റിംഗ് സ്റ്റാഫുണ്ട്; ഇവയിൽ മെക്കാനിക്കൽ സ്റ്റാഫ് എത്ര;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ശമ്പളം പറ്റുന്ന എത്ര അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് ഉണ്ട്;

(സി) ഇപ്പോൾ ബസ് ഒന്നിന് എത്ര സ്റ്റാഫ് വീതം ഉണ്ട്; സ്റ്റാഫിന്റെ എണ്ണം ബസ് ഒന്നിന് എത്രയായി കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ 15180 സ്ഥിരം ജീവനക്കാരും 8472 താൽക്കാലിക ജീവനക്കാരും ഓപ്പറേറ്റിംഗ് വിഭാഗത്തിലുണ്ട്. 3394 സ്ഥിരം ജീവനക്കാരും 971 താൽക്കാലിക ജീവനക്കാരും മെക്കാനിക്കൽ വിഭാഗത്തിൽ ജോലി ചെയ്യുന്നു.

(ബി) ഇപ്പോൾ 2583 അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് ഉണ്ട്.

(സി) ഇപ്പോൾ ബസ്-സ്റ്റാഫ് അനുപാതം 1:7 ആണ്. കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്നതോടുകൂടി സ്റ്റാഫിന്റെ എണ്ണം കുറയ്ക്കാൻ സാധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly